**സുറിയാനി ലിപിയിൽ എഴുതുക.** **2x2 = 4**

53. ആതൂൻ (നിങ്ങൾ) 54. ഹോനേൻ (അവർ)

**ആര് ആരോട് പറഞ്ഞു.** **3x2 = 6**

55. "നീ ആരെ പീഢിപ്പിക്കുന്നുവോ, ആ നസ്രായനായ യേശുവാകുന്നു ഞാൻ"
56. "കാലൂന്നി എഴുന്നേറ്റു നിൽക്കുക"
57. "പരിശുദ്ധാത്മാവ് വരും; മഹോന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും"

**വാക്യം എഴുതുക** **2x3 = 6**

58. 1 പത്രോസ് 1:23, 59. റോമർ 8:14

**ഖണ്ഡിക എഴുതുക** ഏതെങ്കിലും രണ്ടെണ്ണം **2x4 = 8**

60. വി.കുർബ്ബാനയിലെ ശുശ്രൂഷക്കാരൻ ?
61. ക്രൈസ്തവ സഭയിലെ ആദ്യ സുവിശേഷ പ്രസംഗത്തിലെ നാലു ഭാഗങ്ങൾ.
62. മലാഖി പ്രവചനത്തിലെ ക്രിസ്തുദർശനം ?

**ഗീതം പൂരിപ്പിക്കുക.** **6**

63. സ്തേഫാനോസിൻ ..................
................................ കരുണാമയനേശു

**പ്രാർത്ഥന പൂർത്തിയാക്കുക.** **8**

64. മറിയാം പറഞ്ഞതെന്തെന്നാൽ ......
യിസ്രായേലിനെ സഹായിച്ചു. ബാറെക്മോർ

**ഉപന്യാസം എഴുതുക** ഏതെങ്കിലും ഒരെണ്ണം **10**

65. വി.പൗലോസിന്റെ ഒന്നാം സുവിശേഷ യാത്ര

**or**

ദിനവൃത്താന്ത പുസ്തകങ്ങളിലെ സന്ദേശവും ക്രിസ്തു ദർശനവും

# M.J.S.S.A. വാർഷിക പരീക്ഷ – 2018

**Class IX** **Marks - 100**

**Time - 2.30 Hrs**

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** **10x1 = 10**

1. സുർബാബേലിന്റെ നേതൃത്വത്തിൽ ബാബേലിൽ നിന്നും മടങ്ങി എത്തിയ പ്രവാസികളിൽ ഒരാളാണ്
(സ്കറിയ, ഹഗ്ഗായി, മലാഖി)
2. ബി.സി. 175 ൽ സുറിയ ഉൾപ്പെടുന്ന വിസ്തൃത രാജ്യത്തിന്റെ അധികാരം കിട്ടിയ സേനാനായകൻ ?
(അന്തിയോക്കസ് എപ്പിഫാനോസ്, സുർബാബേൽ, സെലൂക്യസ് നിക്കേറ്റർ, )
3. ആരുടെ ബഹുമാനാർത്ഥമാണ് ആ ഭരണവംശത്തിന് മക്കാബിയർ എന്ന പേര് വന്നത് ?
( യൂദാ മക്കാബി, യോനാഥാൻ മക്കാബി, ശീമോൻ മക്കാബി)
4. ദൈവം എഴുന്നള്ളി സമാഗമനകൂടാരത്തിൽ മോശയോടു സംസാരിച്ചിരുന്ന സ്ഥലം ? ( നിയമപെട്ടകം, പ്രാകാരം, കൃപാസനം )
5. സ്തേഫാനോസിനെ കല്ലെറിഞ്ഞവരുടെ പുറം കുപ്പായം സൂക്ഷിച്ചിരുന്നത് ? ( ഫിലിപ്പോസ്, ശൗൽ, ലൂക്കോസ്)
6. വി.പൗലോസ് രക്തസാക്ഷിയായ വർഷം ?
( എ.ഡി.63, എ.ഡി.65, എ.ഡി.67 )
7. യരുശലേം സുന്നഹദോസ് നടന്ന വർഷം ?
( എ.ഡി.31, എ.ഡി.32, എ.ഡി.51 )
8. മക്കദോനിയോസിന്റെ വേദവിപരീതത്തിനെതിരെ പോരാടിയ കപ്പദോക്യൻ പിതാവ് ? (വി.ബസേലിയോസ്, വി.ഗ്രീഗോറിയോസ്, വി.എവുസേബിയോസ്)
9. വി.പൗലോസിനെതിരെ കൈസര്യയിൽ ചെന്ന് അന്യായം ബോധിപ്പിച്ച വക്കീൽ ? (ഹാനനിയ, ഫെസ്തോസ്, തർത്തലോസ്)
10. പുതിയ നിയമ പുസ്തകങ്ങൾ എഴുതിയവരിൽ യഹൂദനല്ലാത്ത എഴുത്തുകാരൻ ?
(വി.പൗലോസ്, വി. ലൂക്കോസ്, വി.മർക്കോസ്)

**പേരെഴുതുക.** **10x1 = 10**

11. യാക്കോബിന്റെ വംശത്തിൽപെട്ടവർ അറിയപ്പെടുന്നത് ?
12. ബി.സി. 535 ൽ ഇസ്രായേൽക്കാർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ച പാർസി രാജാവ് ?
13. വിശുദ്ധ സ്ഥലത്തെ കാഴ്ചയപ്പം വെയ്ക്കുന്ന മേശ ഉണ്ടാക്കിയിരിക്കുന്ന മരം ?
14. വി.പൗലോസിന്റെ ഗോത്രം ?
15. രണ്ടാം മിഷിനറി യാത്രയിൽ വി. പൗലോസിന്റെ സഹയാത്രികൻ ?
16. എഫെസോസിൽ മതത്തിന്റെ പേരിൽ ജനത്തെ ഇളക്കി കലഹം ഉണ്ടാക്കിയ വ്യക്തി?
17. 1972 ൽ സത്യവിശ്വാസികൾ രൂപം കൊടുത്ത സമിതിയുടെ പേര് ?
18. പൗരസ്ത്യ സുവിശേഷ സമാജത്തിന് വേണ്ടി 1973 ൽ വാഴിക്കപ്പെട്ട മിഷണറി മെത്രാപ്പോലീത്ത ?
19. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായെ കാതോലിക്കയായി വാഴിച്ച പരി. പാത്രിയർക്കീസ് ബാവ ?
20. കപ്പദോക്യൻ പിതാക്കന്മാരിൽ ഏറ്റവും കൂടുതൽ ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ളതാര് ?

**ശരിയോ തെറ്റോ എന്ന് എഴുതുക.** **10x1 = 10**

21. ദാവീദുമായിട്ടുള്ള ദൈവത്തിന്റെ ഉടമ്പടി സ്ഥിരമായ ഒരു നിയമമാണ്.
22. സർവ്വജനതകളേയും ന്യായം വിധിക്കുന്ന ന്യായാധിപനായിട്ടാണ് യോയേൽ, മ്ശിഹായെ ദർശിക്കുന്നത്.
23. 9 ശാഖകൾ ഉള്ളതാണ് തങ്ക നിലവിളക്ക്.
24. വി. ലൂക്കോസ് വരച്ച കർത്താവിന്റെ ചിത്രം യരുശലേമിലെ മർക്കോസിന്റെ മാളികയിൽ സൂക്ഷിച്ചിരിക്കുന്നു.
25. ബർന്നബാസ് ശൗലിന്റെ സഹപാഠിയായിരുന്നു.
26. ആദിമ ക്രൈസ്തവ സഭയിലെ പ്രധാന തർക്കവിഷയം പുറജാതികളിൽ നിന്ന് സഭയിലേക്കു വരുന്നവരെ സംബന്ധിച്ചായിരുന്നു.
27. വി.പൗലോസ് ഒന്നരവർഷം അഥേനയിൽ താമസിച്ച് ദൈവവചനം പഠിപ്പിച്ചു.
28. വി. കന്യകമറിയാമിനെ ദൈവമാതാവ് എന്ന് ആദിമകാലം മുതൽ വി. സഭ വിളിച്ചിരുന്നു.
29. വിശ്വാസികളുടെ മരണത്തെ നിദ്രയോടാണ് ഉപമിച്ചിരിക്കുന്നത്.
30. ഒരു ക്രൈസ്തവ രക്തസാക്ഷിയുടെ മകളായ വി.മക്രീനയാണ് വി. ബസേലിയോസിന്റെ അമ്മ.



**പുസ്തകത്തിലേപ്പോലെ പൂരിപ്പിക്കുക.** **10x1 = 10**

31. 2004 സെപ്റ്റംബർ 27 ന് രണ്ടാം .......................... സുന്നഹദോസ് എന്നറിയപ്പെടുന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നടന്നു.
32. സുറിയാനി ഓർത്തഡോക്സ് സഭയുടെ ആകമാന സുന്നഹദോസ് 1975 ജൂൺ 16 ന് ................ ൽ പരി.യാക്കോബ് തൃതീയൻ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്നു.
33. ദൈവത്തോട് ഏറ്റവും അടുത്തു നില്ക്കുന്ന ഒരു കൂട്ടം മാലാഖമാരാണ് ....................................
34. ഭൂമിയിലുള്ള ....................... ശ്രേഷ്ഠന്മാരാണ് എന്ന് സങ്കീ 16:3 ൽ പറയുന്നു.
35. യൂറോപ്പ് വൻകരയിൽ ആദ്യം ക്രിസ്ത്യാനികളായത് ........................ കുടുംബം ആയിരുന്നു.
36. ഗ്രീക്ക് വിജ്ഞാനത്തിന്റെയും സംസ്ക്കാരത്തിന്റേയും കേന്ദ്രമായിരുന്നു. ......................
37. ശൗൽ ദമസ്ക്കോസിൽ എത്തി .................. എന്ന തെരുവിൽ യഹൂദ എന്ന ആളിന്റെ വീട്ടിൽ താമസിച്ചു.
38. സമാഗമന കൂടാരത്തിന് .......................... എന്നും പേരുണ്ട്.
39. മ്ശിഹായുടെ വംശാവലിയിൽ യൗസേഫിനേയും മറിയയേയും ബന്ധിപ്പിക്കുന്ന കേന്ദ്രീകൃത ബിന്ദുവായി ........................ നിൽക്കുന്നു.
40. ശലോമോന്റെ ഭരണകാലം ബി.സി. ................... നൂറ്റാണ്ടാണ്.

**ചേരുംപടി ചേർക്കുക.** **8x1= 8**

| | |
|---|---|
| 41. മക്കാബിയർ | - തെസലോനിക്യ |
| 42. ഹഗ്ഗായി | - എബ്രാഹാം മോർ ക്ലീമീസ് |
| 43. തീമോത്തെയോസ് | - ശാമുവേൽ മോർ പീലക്സീനോസ് |
| 44. ക്നാനായ ഭദ്രാസനം | - മുഖവുര |
| 45. തുരുത്തിശ്ശേരി യോഗം | - അരിസ്റ്റോബുലസ് |
| 46. പ്രുമിയോൻ | - പ്രവാസി |
| 47. സെദ്റോ | - യുനീക്ക |
| 48. ഈയാസോൻ | - ഫിലിപ്പോസ് മോർ ഈവാനിയോസ് |
| | - നിരകൾ |

**അർത്ഥം അഥവാ പകരം പറയാവുന്ന പദം എഴുതുക.** **4x1 = 4**

49. മത്ഥിയാസ് 50. സ്കറിയ 51. മ്സമ്രോനൊ
52. പ്രക്സിയസ് അപ്പോസ്തലൻ